KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404

20/07/2023

**<u>സർക്കുലർ നമ്പർ 32/2023 (BD)</u>**

വിഷയം:- 01/04/2023 മുതൽ 16/04/2023 വരെ രജിസ്റ്റർ ചെയ്ത മുഴുവൻ ചിട്ടികളും കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : 1. സർക്കുലർ നമ്പർ 17/2023 (BD) dt. 17/04/2023.
2. 23/06/2023 തീയതിയിലെ 571-ാ മത് ബോർഡ് യോഗത്തിലെ 9966-ാം നമ്പർ തീരുമാനം.

****

മേൽ സൂചന (1) പ്രകാരം ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ തന്നെ പരമാവധി ചിട്ടി ബിസിനസ്സ് നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സമ്മാന പദ്ധതികൾ ഉൾപ്പെടുത്തി കൊണ്ടാണ് "കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടികൾ" നാം ഏപ്രിൽ മാസം 17 -ാം തീയതി ആരംഭിച്ചത്. എന്നാൽ ചില ശാഖകൾ ഈ പദ്ധതി ആരംഭിക്കുന്നതിനു മുൻപു തന്നെ (ഏപ്രിൽ മാസം 1-ാം തീയതി മുതൽ 16 -ാം തീയതി വരെ) ഏതാനും ചിട്ടികൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. നിലവിൽ ഈ ചിട്ടികളിൽ ചേർന്ന വരിക്കാർ ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ശാഖകളുടെ ഭാഗത്തു നിന്നും വരിക്കാരുടെ ഭാഗത്തു നിന്നും ഉയർന്നു വന്നിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് 01/04/2023 മുതൽ 16/04/2023 വരെ രജിസ്റ്റർ ചെയ്ത മുഴുവൻ ചിട്ടികളും കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടിയിൽ ഉൾപ്പെടുത്താനും, ഈ പദ്ധതിയുടെ മുഴുവൻ ആനുകൂല്യങ്ങളും നൽകുവാനും തീരുമാനിച്ചിരിക്കുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

<u>പകർപ്പ്</u>

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ